കേരള സംഗീത നാടക അക്കാദമി

# അമേച്വർ

# നാടകോത്സവം

നാടകസംഘങ്ങൾക്ക് 40 ലക്ഷം രൂപയുടെ നാടകനിർമ്മാണ പദ്ധതി

**സംഘാടനം: ജ്വാല ജനകീയ കലാസാംസ്കാരികവേദി, വാഴക്കുളം**



**2023 ഒക്ടോബർ മൂന്ന് മുതൽ ആറ് വരെ,**
**വൈകുന്നേരം 6.30ന്**

ചാവറ സി.എം.ഐ ഇന്റർനാഷണൽ അക്കാദമി ഓഡിറ്റോറിയം,
വാഴക്കുളം

കേരള സംഗീത നാടക അക്കാദമി

# അമേച്വർ
# നാടകോത്സവം

**നാടകസംഘങ്ങൾക്ക് 40 ലക്ഷം രൂപയുടെ നാടകനിർമ്മാണ പദ്ധതി**

സുഹൃത്തേ,

വിശ്വകലാചരിത്രത്തിലെ പ്രാചീനമായ കലാമാധ്യമങ്ങളിലൊന്നാണെങ്കിലും ആധുനിക വർത്തമാനകാലജീവിതത്തിന്റെപോലും സംഘർഷങ്ങളും പ്രതീക്ഷകളും സ്വപ്നങ്ങളുമെല്ലാം ആവിഷ്കരിക്കുന്നതിന് ഏറ്റവും ശക്തമായ മാധ്യമമായി നിലനില്ക്കുന്നുവെന്നതാണ് അവതരണകലയെന്ന നിലയിൽ നാടകത്തെ എന്നും അദ്വിതീയമാക്കുന്നത്. നാടോടിയും ശാസ്ത്രീയവും ആനുകാലികവുമായ എല്ലാ കലാവിഷ്ക്കാരങ്ങളെയും ഉൾക്കൊള്ളുമ്പോഴും അത്രമേൽ ജനകീയമായ ഒരു സ്വതന്ത്ര അവതരണരൂപമായി ഇന്നത്തെ അമേച്വർ നാടകം വളർന്ന് വികാസം പ്രാപിച്ചിട്ടുണ്ട്. കേരളത്തിന്റെ അമേച്വർ നാടകധാരതന്നെയാണ് നമ്മുടെ പരീക്ഷണനാടകങ്ങളുടെയും രാഷ്ട്രീയ നാടകങ്ങളുടെയുമെല്ലാം ഭൂമിക. ഇന്ന് ലോകം അറിയുന്ന എത്രയോ നാടകപ്രതിഭകളെ സംഭാവന ചെയ്യാൻ സാധിച്ച മലയാള അമേച്വർ നാടക വേദിയുടെ ചരിത്രപരമായ കുതിപ്പിനൊപ്പം സഞ്ചരിക്കുന്നതിന് കേരള സംഗീത നാടക അക്കാദമിക്ക് അതിന്റെ ആരംഭകാലം മുതൽ സാധിച്ചിട്ടുണ്ട്. ആ ഉത്തരവാദിത്തത്തിന്റെ തുടർച്ചയായി കേരള സംഗീത നാടക അക്കാദമി അമേച്വർ നാടക നിർമ്മാണ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. ആദ്യഘട്ടത്തിൽ 25 നാടകങ്ങളും രണ്ടാംഘട്ടത്തിൽ 20 നാടകങ്ങളുമായി ആകെ 45 അമേച്വർ നാടകങ്ങളാണ് അക്കാദമിയുടെ ധനസഹായത്തോടെ നിർമ്മിച്ചിട്ടുള്ളത്. ഒരു നാടകത്തിന് രണ്ട് ലക്ഷം രൂപയാണ് അക്കാദമി അനുവദിക്കുന്നത്.

രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുന്ന ഒരു നാടകത്തിന്റെ രണ്ട് അവതരണങ്ങളുമായി തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തെരഞ്ഞെടുത്ത 10 കേന്ദ്രങ്ങളിൽ 40 അവതരണങ്ങളുമായി കേരള സംഗീത നാടക അക്കാദമി വീണ്ടും ജനങ്ങളിലേയ്ക്ക് എത്തുകയാണ്.

എറണാകുളം ജില്ലയിലെ വാഴക്കുളം ജ്വാല ജനകീയ കലാസാംസ്കാരികവേദിയുമായി സഹകരിച്ച് 2023 ഒക്ടോബർ മൂന്ന് മുതൽ ആറ് വരെ, വാഴക്കുളം ചാവറ സി.എം.ഐ ഇന്റർനാഷണൽ അക്കാദമി ഓഡിറ്റോറിയത്തിൽ വിവിധ അനുബന്ധപരിപാടികളോടെ സംസ്ഥാന അമേച്വർ നാടകോത്സവം സംഘടിപ്പിക്കുന്നു.

**ഒക്ടോബർ മൂന്നിന് വൈകുന്നേരം 5.30ന് കേരള സംഗീത നാടക അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി** നാടകോത്സവം ഉദ്ഘാടനം ചെയ്യും. **മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ആൻസി ജോസ്** ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. ഒക്ടോബർ മൂന്ന് മുതൽ ആറ് വരെ നാലുദിവസങ്ങളിൽ വൈകുന്നേരം 6.30ന് വ്യത്യസ്തങ്ങളായ നാല് രംഗാവതരണങ്ങൾ അരങ്ങിലെത്തും. അക്കാദമിയുടെ നാടകരാവുകളിലേയ്ക്ക് ഏവരെയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

**മട്ടന്നൂർ ശങ്കരൻകുട്ടി**
ചെയർമാൻ

**കരിവെള്ളൂർ മുരളി**
സെക്രട്ടറി

## കാര്യപരിപാടി

**2023 ഒക്ടോബർ മൂന്ന്, വൈകുന്നേരം 5.30ന്**

**ചാവറ സി.എം.ഐ. ഇന്റർനാഷണൽ അക്കാദമി ഓഡിറ്റോറിയം, വാഴക്കുളം**

സ്വാഗതം : **ജോൺ ഫെർണ്ണാണ്ടസ്**
നിർവ്വാഹക സമിതി അംഗം, കേരള സംഗീത നാടക അക്കാദമി

അദ്ധ്യക്ഷ : **ആൻസി ജോസ്**
പ്രസിഡണ്ട്, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

ഉദ്ഘാടനം : **കരിവെള്ളൂർ മുരളി**
സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി

മുഖ്യപ്രഭാഷണം : **ഗോപി കോട്ടമുറിക്കൽ**
പ്രസിഡണ്ട്, കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്)

ആശംസകൾ : **കെ.എസ്. പ്രസാദ്**
മെമ്പർ, കേരള സംഗീത നാടക അക്കാദമി

**ജോസ് തോമസ് പെരുമ്പിള്ളിക്കുന്നേൽ**
ഉപരക്ഷാധികാരി, സ്വാഗതസംഘം

**ടോമി തന്നിട്ടമായ്ക്കൽ**
വൈസ്പ്രസിഡണ്ട്, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

**റവ: ഫാദർ തോമസ് മഞ്ഞക്കുന്നേൽ**
പ്രിയോർ, കാർമ്മൽ മോണസ്ട്രി, വാഴക്കുളം

നന്ദി : **സഹീർ അലി**
മെമ്പർ, കേരള സംഗീത നാടക അക്കാദമി



# അവതരണക്രമം

| | | | |
|---|---|---|---|
| **2023**<br>ഒക്ടോബർ<br>**03**<br>ചൊവ്വ | നാടകം<br>**അകലെ, അകലെ, മോസ്കോ**<br>വൈകുന്നേരം<br>**6.30 ന്** | രചന<br>**ശ്രീജിത്ത് പൊയിൽക്കാവ്**<br>സംവിധാനം<br>**സഞ്ജു മാധവ്** | **അവതരണം**<br>പ്ലാറ്റ്ഫോം തിയേറ്റർ ഗ്രൂപ്പ്,<br>C/o സജീവ് കുമാർ,<br>കോടന്നൂർ പി.ഒ.,<br>തൃശൂർ - 680 563 |
| **2023**<br>ഒക്ടോബർ<br>**04**<br>ബുധൻ | നാടകം<br>**സ്വൈരിത പ്രയാണം**<br>വൈകുന്നേരം<br>**6.30 ന്** | രചന<br>**എം.വിനോദ്**<br>സംവിധാനം<br>**എം.വിനോദ്** | **അവതരണം**<br>നാടകസൗഹൃദം, തൃശൂർ,<br>ശ്രീം, ന്യൂ ഗാർഡൻസ്,<br>അയ്യന്തോൾ,<br>തൃശൂർ - 680 003 |
| **2023**<br>ഒക്ടോബർ<br>**05**<br>വ്യാഴം | നാടകം<br>**പ്ലാംയാ ല്യൂബ്യൂയ്**<br>വൈകുന്നേരം<br>**6.30 ന്** | രചന<br>**ഡോ. സാംകുട്ടി പട്ടംകരി**<br>സംവിധാനം<br>**ഡോ. സാംകുട്ടി പട്ടംകരി** | **അവതരണം**<br>നാടകപ്പുര കലാസമിതി ചേർപ്പ്,<br>C/o കോമ്രേഡ് ഡ്രൈവിംഗ് സ്കൂൾ,<br>ചേർപ്പ്,<br>തൃശൂർ - 680 561 |
| **2023**<br>ഒക്ടോബർ<br>**06**<br>വെള്ളി | നാടകം<br>**കുരുത്താലി**<br>(ദി പ്രൊഫൈൽ അൺലോക്ക്ഡ്)<br>വൈകുന്നേരം<br>**6.30 ന്** | രചന<br>**അസീസ് പെരിങ്ങോട്**<br>സംവിധാനം<br>**അസീസ് പെരിങ്ങോട്** | **അവതരണം**<br>കലാപാഠശാല,<br>ആറങ്ങോട്ടുകര,<br>തൃശൂർ - 679 532 |


**കേരള സംഗീത നാടക അക്കാദമി**

തൃശൂർ – 680 020

ഫോൺ: 0487 2332134, 2332548, 2327427 മൊബൈൽ നമ്പർ: 7736922245, 9447092134 (വാട്സ്ആപ്പ്)

e-mail: ksnakademi@gmail.com I www.keralasangeethanatakaakademi.in